റൂറൽ ഇലക്ട്രിഫിക്കേഷൻ

16. [32] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം അനുസരിച്ച് 1963-64 ജൂലൈ 31-ാംതീയതിവരെ എത്ര കേന്ദ്രങ്ങളിൽ വിദ്യുച്ഛക്തി ലൈൻ നീട്ടിയിട്ടുണ്ട്;

(ബി) ഗവണ്മെൻറിൽനിന്നും ഇതിനകം അനുവാദം കൊടുത്തിട്ടുള്ളതിൽ എത്ര ലൈനിൻറെ പണി പൂർത്തിയായിട്ടുണ്ട്;

(സി) ഗവണ്മെൻറിൽനിന്നും അനുവാദം കൊടുത്തിട്ടുള്ള കരിമണ്ണൂർ, ഉടുമ്പന്നൂർ, ആലക്കോട്, വെള്ളിയാമറ്റം, കോടിക്കുളം എന്നീ ലൈനുകളിൽ പണികളും ആരംഭിച്ചുതെത്ര;

(ഡി) ചിലതിൻറെ പണി ഇതുവരെ ആരംഭിക്കാത്തതിൻറെ കാരണമെന്താണ്;

(ഈ) പ്രസ്തുത ലൈനുകളുടെ പണി ഉടൻ ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി നടത്തുവാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) 111 കേന്ദ്രങ്ങളിൽ

(ബി) 19 എണ്ണം.

(സി) ഇവയിൽ കരിമണ്ണൂർ ലൈനിൻറെ പണി മാത്രമേ തുടങ്ങിയിട്ടുള്ളൂ.

(ഡി) ആവശ്യമുള്ള സാധനസാമഗ്രികളുടെ ദൌർല്ലഭ്യം മൂലം.

(ഈ) നടപടി നടത്തിവരികയാണ്.

Point of Information—Release of Arrested Members.

Shri M. P. M. Ahammed Kurikkal : Sir, on a point of information.

ഇന്നത്തെ പത്രത്തിൽ ഇൻഡ്യൻ പ്രതിരോധ ചട്ടപ്രകാരം അറസ്റ്റു ചെയ്യപ്പെട്ടിരുന്ന നേതാക്കളേയും പ്രതിപക്ഷ മെമ്പറന്മാരേയും വിട്ട എന്നു മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ളതായി വാർത്ത കണ്ടു. അതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം. അങ്ങനെ അവരെ വിട്ടയച്ചുവോ?

ശ്രീ. ആർ. ശങ്കർ : അവരെ വിട്ടയയ്ക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോഴം വിട്ടു കഴിഞ്ഞിരിക്കും എന്നാണ് തോന്നുന്നതു്.

Motion of No-Confidence—Grant of Leave for.

Mr. Speaker: Order, order. I have received notices of two motions; one from Shri P. K. Kunju and the other from Shri C. Achutha Menon, expressing want of confidence in the Council of Ministers headed by Shri R. Sankar. The notice from Shri P. K. Kunju was received first. It reads as follows:

"I move that this House expresses its want of confidence in the Council of Ministers headed by Shri R. Sankar, Chief Minister".

Members who are in favour of leave being granted may please rise in their places.

(Not less than 20 members rose up in their seats in favour of the motion)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ: സർ, ഇപ്പോൾ ഇവിടെ എണ്ണിറുനിന്നവരുടെ എണ്ണം നോക്കുമ്പോൾത്തന്നെ.....

Mr. Speaker: Order, order. There is no need for a count. According to the Rules, we have to see that there are at least 20 members for the leave being granted. I find it that the number is more than 20 therefore, I take it that leave may be granted.

Leave is accordingly granted.

ശ്രീ. സി. അച്യുതമേനോൻ: സർ, ദിവസം നിശ്ചയിക്കുക എന്നുള്ളതാണ് ഇനിയത്തെ നടപടി. അതിനെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായം പറയണമെന്നു ഞാനാഗ്രഹിക്കുകയാണ്. കോൺഗ്രസ് പാർട്ടിയിൽ ഉണ്ടായിരുന്ന പതിനഞ്ചു മെമ്പറന്മാർ ഇപ്പോൾ കോൺഗ്രസ് പാർട്ടിയിൽ നിന്നു അവരുടെ സ്ഥാനം രാജിവച്ചു ഈ മന്ത്രിസഭയ്ക്ക് എതിരായിട്ടുള്ള നിലപാട് സ്വീകരിച്ചിരിക്കുന്നു എന്നാണ് അറിയുന്നതു. അതുകൊണ്ട് ഈ മന്ത്രിസഭയ്ക്കുള്ള പിന്തുണ നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ മന്ത്രിസഭ രാജിവച്ചു പോകുകയാണ് ഇനി ചെയ്യേണ്ടതു. അല്ലാതെ ഇവിടെ അവിശ്വാസപ്രമേയം പാസ്സാക്കി പുറത്തു പോകുകയല്ല നല്ലതു. കൂടിയേ തീരുവെങ്കിൽ ഞങ്ങളതിനു തയാറാണ്. ഈ ഘട്ടത്തിൽ ഈ നിയമസഭതന്നെ അത്ഛിന്നമാണ്. ഏതായാലും ഇതിന്റെ ചർച്ച നാളെത്തന്നെ എടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: നാളെ നോൺ ഒഫിഷ്യൽ ഡേ ആണല്ലോ ?

ശ്രീ. ഈ. പി. ഗോപാലൻ: സർ, സാധാരണഗതിയിൽ ഈ മന്ത്രിസഭയ്ക്ക് പിന്തുണ നശിച്ചിരിക്കുകയാണ്. ഈ അവിശ്വാസപ്രമേയം അനുവദിച്ചുകഴിഞ്ഞസ്ഥിതിക്ക് ഇതിന്റെ രണ്ടിലൊന്നു തീർച്ചയാക്കിയിട്ടല്ലാതെ ഒരു കാര്യവും, ഗവണ്മെൻറിന്റെ ഒരു ബിസിനസ്സും ഈ അസംബ്ലിയിൽ നടത്തുവാൻ പാടില്ല. അതു ശരിയല്ല. സാധാരണ കീഴ്വഴക്കങ്ങൾപോലെയുള്ള സംഗതിയല്ല ഇതു. ഇവിടെ മട്ടുമാറിയിട്ടുണ്ട്.

ശ്രീ എം. പി. എം. അഹമ്മദ് കുരിക്കൾ: ഈ അസംബ്ലിയിലെ അംഗസംഖ്യ ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാം. അവിശ്വാസ പ്രമേയം അവതരിപ്പിക്കുവാൻ അനുമതി നൽകുന്നതിനായി എഴുനേറ്റുനിന്നവരുടെ കൂട്ടത്തിൽ കോൺഗ്രസ്സിലെ പതിനഞ്ചുപേരും ഉണ്ടായിരുന്നു. അതുംകൂടി കണക്കിലെടുക്കുമ്പോൾ വാസ്തവത്തിൽ മന്ത്രിസഭയുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തിക്കഴിഞ്ഞു എന്നുള്ളതു വ്യക്തമാണ്. ഈ സംഗതികൂടി കണക്കാക്കിവേണം ബഹുമാനപ്പെട്ട സ്പീക്കർ ഇതിനുവേണ്ട ദിവസം നിശ്ചയിക്കുവാൻ.

ശ്രീ പി. കെ. കുഞ്ഞച്ചൻ: സർ, ഇന്നലെവരെ ട്രഷറി ബഞ്ചിലിരുന്ന ചില മെമ്പറന്മാർ ഇന്നു അതിൽ നിന്നും മാറി മറൊരു വിഭാഗമായി നിന്നുകൊണ്ട് അവരുംകൂടി ഈ അവിശ്വാസ പ്രമേയത്തിനു അനുകൂലമായി എഴുനേറ്റു നില്ക്കുകയാണ് ചെയ്തതു. ഇതിൽ നിന്നു മനസ്സിലാക്കുന്നതു, ബഹുഭൂരിപക്ഷം ആളുകളും ഈ മന്ത്രിസഭയ്ക്ക് എതിരാണെന്നുള്ളതാണ്. മന്ത്രിസഭ ഇനിയുടരുന്നതിൽ യാതൊരു അർത്ഥവുമില്ല, അതു തന്നെയുമല്ല പ്രസക്തവുമാണെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ അവിശ്വാസപ്രമേയം ചർച്ചചെയ്യുന്നതു നീട്ടിവയ്ക്കുന്നകാര്യമേ ചിന്തിക്കാൻ പാടില്ല. അതുകൊണ്ട് അടുത്ത ദിവസംതന്നെ ഇതു ചർച്ചയ്ക്കെടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു.

Shri K. Chandrasekharan: May I put one suggestion, Sir. It will be seen that, as has already been stated by the hon. Leader of the Muslim League Party, it needs no arithematic or Mathematics to tell us that already the confidence of this House is wanting as far as this Ministry is concerned. But then, Sir, I invite your attention to certain aspects of the Rules in the Rules of Procedure and Conduct of Business of this Assembly. Rule 62 (2) says:

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

"The Speaker shall declare that leave is granted—that has already been granted—" "and that the motion will be taken or such day not being more than ten days from the date on which the leave is asked for as he may appoint."

So that the Speaker in his discretion is competent to state that motion can be taken up on any day from that moment onwards, the only limitation being that it should not be extended by more than ten days.

Then again, according to sub-rule (3), "if leave is granted under sub-rule (2), the Speaker may, after considering the state of business in the Assembly allot a day or days for the discussion of the motion."

Then again, according to the residuary powers of the Speaker under Rule 292, it will be seen that all matters not specifically provided for in these Rules, and all questions relating to the detalied working of these Rules shall be regulated in such manner as the Speaker may, from time to time, direct.

I suggest, Sir, for your kind consideration, that in terms of Rule 62 (2), 62 (3) and in terms of residuary powers vested in you under Rule 292, this is an extraordinary occasion, the like of which has not occurred on the floor of any of the Indian Legislatured so far, namely the members of the Ruling party joining with the Opposition to declare their want of confidence in the Ministry. I suggest that this no-confidence motion be taken up from this moment onwards, passed or not passed, but decided by this hon. House in this sitting to-day itself.

Mr. Speaker: Order, order. However extraordinary the situation may be, there are rules which we have to follow. According to the Rules, leave has been granted. Now the question is about the discussion. There is an opinion that this may be taken up to-morrow or perhaps even now. But the leader of the House must have his say in the matter. I call upon the leader of the House to give his reactions:

ശ്രീ. ആർ. ശങ്കർ : ഈ അവിശ്വാസപ്രമേയത്തിന അനുവാദം നൽകികഴിഞ്ഞിരിക്കുകയാണ്. അങ്ങനെ അനുവാദം നൽകികഴിഞ്ഞാൽ ഉടൻ ഇതിനെപ്പറ്റിയുള്ള ചർച്ച നടക്കേണ്ടതു് എന്നാണെന്നും അതിന എത്ര സമയമാണ് നൽകേണ്ടതു് എന്നും സ്പീക്കർ അദ്ദേഹത്തിന്റെ വിവേചനം ഉപയോഗിച്ചു് നിശ്ചയിക്കേണ്ടതാണ്. ഇവിടെ ഇതിനെപ്പറ്റി ഉടൻതന്നെ ചർച്ച നടത്തണം, നാളെ നടത്തണം എന്നൊക്കെയുള്ള അഭിപ്രായങ്ങളും ചില അംഗങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ഇതിനെപ്പറ്റിയുള്ള ചർച്ച ഉടൻതന്നെ നടത്തിയില്ലെങ്കിൽ എന്തോ വലിയ അപകടം ഉള്ളതുപോലെ പറഞ്ഞുകേട്ടു. അങ്ങനെ ഉണ്ടെന്നു തോന്നുന്നില്ല. സാധാരണ ഗതിയിൽ അവിശ്വാസപ്രമേയങ്ങളും ഹാജരാക്കുന്നതിന അനുവദിക്കുന്നതുപോലെ സമയം അനുവദിക്കുകയും അതിനെപ്പറ്റിയുള്ള ചർച്ച നടത്തുകയും ചെയ്യുകയാണ് വേണ്ടതു എന്നാണ് ഗവണ്മെന്റു ഭാഗത്തേയും അഭിപ്രായം. അതിന ഏതെങ്കിലും പ്രത്യേകം സമയം നിർദ്ദേശിക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല. പത്തു ദിവസത്തിനകം സ്പീക്കർക്കു സൗകര്യമുള്ള സമയം നോക്കി ചർച്ച നടത്തുക. അതു ഏതു ദിവസമാണ് വേണ്ടതെന്നുള്ളതു് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗപ്പെടുത്തി നിശ്ചയിച്ചാൽ മതി. അതിനിടയിൽ എന്തെങ്കിലും നിയമസഭാ നടപടികളും നടത്തുന്നതു ശരിയല്ല എന്നു പ്രതിപക്ഷ അംഗങ്ങൾക്കു അഭിപ്രായം ഉണ്ടെങ്കിൽ അങ്ങനെ എന്തെങ്കിലും നടപടി നടത്തണമെന്നു ഈ ഗവണ്മെന്റിനു യാതൊരു നിർബന്ധവുമില്ല, എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. എം. അഹമ്മദ് കുരിക്കൾ: സർ, സാധാരണഗതിയിൽ വരുന്നതുപോലെയല്ല ഇന്നത്തെ സംഭവം. നാലുതവണയായി ഈ ഗവണ്മെൻറിനെതിരായി അവിശ്വാസ പ്രമേയം വരികയാണു്. ഇന്നു വളരെ പ്രത്യക്ഷമായിട്ടുള്ള രീതിയിൽ ഭരണകക്ഷി അംഗങ്ങളും ഉംപ്പടെ പ്രതിപക്ഷം അംഗങ്ങളും മന്ത്രിസഭയുടെ പേരിലുള്ള അവിശ്വാസം രേഖപ്പെടുത്തിയിരിക്കുകയാണു്. അതുകൊണ്ടു് ഇനി ഒരു നിമിഷംപോലും ഈ ഗവണ്മെൻറുവകയാതൊരു പ്രൊസീഡിംഗ്സും, ബിസിനസ്സും ട്രാൻസാക്റ്റു ചെയ്യാൻ പാടില്ല; എന്നാണു് എനിക്കഭിപ്രായമുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ഈ വാദങ്ങളും, ഉണ്ടാക്കുന്നതെല്ലാം അവിശ്വാസപ്രമേയം അവതരിക്കുന്നതിലേക്കായി എഴുനേറ്റു നിന്നവരുടെ എണ്ണം നോക്കിയാണു്. ചർച്ചയ്ക്കു കൊടുത്തിട്ടുള്ള സമയം തന്നെ ഒരിക്കലും മതിയാകുന്നില്ല എന്നും മൂന്നുദിവസം ചർച്ച ചെയ്യേണ്ടതാണെന്നും മറ്റും വാദപ്രതിവാദം ഇതിനുമുമ്പു് അവിശ്വാസം കൊണ്ടുവന്നിട്ടുള്ളപ്പോഴും നടത്തിയിട്ടുള്ളവരാണു് ഇക്കൂട്ടർ. അങ്ങനെയൊന്നും ആരും ആവശ്യപ്പെട്ടു കണ്ടില്ല. ഏതായാലും ഇതിൽ ശരിയായിട്ടുള്ള നടപടിയുണ്ടായിരിക്കണം. അവിടെ ഏതു നാഴികൊണ്ടു അളക്കുന്നതാണോ, അതേ അളവിൽ ഈ ഭാഗത്തേയ്ക്കും കൊടുക്കേണ്ടതാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ : ശ്രീമാൻ കുറുപ്പു പറഞ്ഞതു തെറ്റാണെന്നു ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണു്. ഞങ്ങളും ഇതു പറഞ്ഞതു ഈ അവിശ്വാസപ്രമേയം ചർച്ചചെയ്യാനുള്ള അപര്യാപ്തതകൊണ്ടല്ല. വളരെ അസലായിട്ടു ചർച്ചചെയ്യുവാൻ കഴിയും. ഈ മന്ത്രിസഭയ്ക്കെതിരായിട്ടുള്ള ഒരു പ്രത്യേക സ്ഥിതിവിശേഷം ഇന്നു നിലവിലുണ്ടു്. ഭരണകക്ഷിയിലുംപ്പെട്ടന്നകുറേപ്പേർകൂടി ഇന്നു അവർക്കു എതിരായി നിൽക്കുകയാണു്. അങ്ങനെ നല്ലൊരു പ്രതിപക്ഷം ഭരണകക്ഷിക്കെതിരായി മാറിയിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു അവിശ്വാസപ്രമേയം പാസ്സാക്കിയില്ലെങ്കിൽതന്നെയും ഈ മന്ത്രിസഭയ്ക്കു തുടരുവാൻ അവകാശമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. തുടരുന്ന ഓരോ ദിവസവും അവിഹിതമായിട്ടുള്ളതാണു്. അപ്പോഴും നിയമസഭാ നടപടികളോ ഗവണ്മെൻറുവക ബിസിനസ്സുകളോ നടത്തുകയാണെങ്കിൽ പല വിധത്തിലുള്ള ചരടുവലികളും നടത്താൻ സാധ്യതയുണ്ടു്. അതുകൊണ്ടു് നാളെതന്നെ ഇതു ചർച്ചയ്ക്കെടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker : Order, order. From what the leader of the House expressed, there is no desire to put this off indefinitely. In that case, I think hon. Members will have enough time, if we can post the discussion for Monday and, till that time, as per the view expressed, by the leader of the House, no business is to be transacted.

ശ്രീ. സി. അച്യുതമേനോൻ : അവിശ്വാസപ്രമേയം ചർച്ച ചെയ്തതിനു ശേഷമല്ലാതെ മറ്റു നിയമസഭാ നടപടികളും ഉണ്ടായിരിക്കുകയില്ല. പിന്നെ ഞങ്ങളും ഇവിടെ എന്തിനു കെട്ടിക്കിടക്കണം. സഭ അംഗീകരിക്കുമെങ്കിൽ നാളെയാക്കുന്നതുകൊണ്ടു് യാതൊരു തെറ്റുമില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഇന്നത്തെ സാഹചര്യത്തിൽ രണ്ടു ദിവസം കഴിഞ്ഞു ചർച്ച ചെയ്യാമെന്നു വച്ചിരിക്കുന്നതിൽ എന്തോ സൂത്രമുണ്ടെന്നാണു് വിചാരിക്കേണ്ടതു്.

Mr. Speaker : Order, order. No such imputations are permissible., because nobody wanted it. According to the Rules, I fix Monday and Tuesday also, if necessary, for the discussion of the no-confidence motion. Till that time, we will adjourn and no business will be transacted.

LIBRARY ARCHIVES Kerala Legislative Assembly

Statement by Member:

ശ്രീ. കെ. എം. ജാജ്ജ് : സർ, സഭ പിരിയുന്നതിനുമുമ്പായി എനിക്ക ഒരു കാര്യം പ്രസ്താവിക്കുവാനുണ്ട്. ഇന്നലെ ഇവിടെ നടന്ന റഫറൻസ് വേള യിൽ മരണമടഞ്ഞ ശ്രീ. പി. ടി. ചാക്കോയെപ്പറ്റി മൗനം ജ്വിച്ചുകണ്ടതിൽ വളരെയേറെ മനോവേദന ഉണ്ട്. ഇന്നലെതന്ന അജണ്ടയിലും പണ്ഡിറ്റ് നെഹ്റുവിന്റെ നിര്യാണത്തെ സംബന്ധിച്ചും പി. ടി. ചാക്കോയുടെ നിര്യാ ണത്തെ സംബന്ധിച്ചും ഉള്ള അനുശോചനം രേഖപ്പെടുത്തുകയും മറ്റു നിയമ സഭാനടപടികളും മാറ്റി വച്ചിരിക്കുകയുമാണെന്ന പറഞ്ഞിട്ടുണ്ടായിരുന്നു. കഷ്ടമെന്നതന്നെ പറയട്ടെ, ഏതുതരത്തിലാണ് അതുണ്ടായതെന്നു അറി ഞ്ഞുകൂടാ, മറ്റുള്ളവരുടെ പേരുകളോടൊപ്പം അദ്ദേഹത്തിന്റെ പേർകൂടി ചേർത്തുകൊണ്ട് ഒരു റഫറൻസ് നടത്തി, അങ്ങേക്കല്ലാതെ മറ്റു യാതൊ രാൾക്കും സംസാരിക്കുവാൻ അവസരം ഉണ്ടായിരുന്നില്ല. ശ്രീമാൻ ചാക്കോ വെറും ഒരു മെമ്പർ മാത്രമായിരുന്നില്ല എന്നുള്ളതു എല്ലാവർക്കും അറിവുള്ള കാര്യ മാണ്. ഏതായാലും ഇതു അങ്ങേയറ്റത്തെ നിർഭാഗ്യകരമായിപ്പോയി. ഇതിൽ ഞങ്ങൾക്കു വളരെയേറെ സങ്കടമുണ്ട്; അഗാധമായ ഖേദം ഉണ്ട്. സ്വീകരോട്ടുള്ള ബഹുമാനംകൊണ്ട് മറ്റൊന്നും ഞാൻ പറയുന്നില്ല, ഞങ്ങളുടെ അങ്ങേയറ്റത്തെ പ്രതിഷേധവും ഖേദവും രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

Shri C. Achutha Menon : Sir, then what about the adjournment motion?

Mr. Speaker : Order, order. We are not transacting any business at all. We now adjourn till 8 o' clock on Monday.

Shri K. Chandrasekharan : But this is not a Government business.

(Many Opposition members rose to speak)

Mr. Speaker : The House stands adjourned to meet again at 8 a. m. on Monday, the 7th September 1964.

The House adjourned at 9. 18 a. m. to meet again at 8 a. m. on Monday the 7th September, 1964.

LIBRARY ARCHIVES Kerala Legislative Assembly